## ശ്രീമദ്ഭാഗവതം നിത്യപാരായണം 242-ാം ദിവസം

സ്വഭാവതന്ത്രോ ഹി ജന: സ്വഭാവമനുവർത്തതേ
സ്വഭാവസ്ഥമിദം സർവ്വം സദേവാസുരമാനുഷം (10-24-16)
ദേഹാനുച്ചാവചാഞ്ജന്തു: പ്രാപ്യോത്സൃജതി കർമ്മണാ
ശത്രുർമ്മിത്രമുദാസീന: കർമ്മൈവ ഗുരുരീശ്വര: (10-24-17)
തസ്മാത് സംപൂജയേത് കർമ്മ സ്വഭാവസ്ഥ: സ്വകർമ്മകൃത്
അഞ്ജസാ യേന വർത്തേത തദേവാസ്യ ഹി ദൈവതം (10-24-18)

*ശുകമുനി തുടർന്നു:*
ഏതോ യാഗകർമ്മത്തിനുള്ള വിപുലമായ ഒരുക്കം കൂട്ടുകയായിരുന്നു ഗ്രാമവാസികൾ. കൃഷ്ണൻ അതുകണ്ടിട്ട് അച്ഛനോടിങ്ങിനെ ചോദിച്ചു: "മനുഷ്യർ കർമ്മങ്ങളിലേർപ്പെടുന്നു. ചിലപ്പോൾ അവയുടെ സ്വഭാവവിശേഷങ്ങളറിഞ്ഞും ചിലപ്പോൾ അറിയാതേയും. സ്വഭാവവിശേഷങ്ങളറിയാതെ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം അവർക്കനുയോജ്യമല്ലാത്തതും പരാജയത്തിലേക്ക് നയിക്കുന്നതുമത്രെ. ഇവിടെ ഏതോ യാഗകർമ്മത്തിനായി വിപുലമായ ഒരുക്കങ്ങൾ നടക്കുന്നുവല്ലോ. അതിൻെറ ഉദ്ദേശവും ആരെ പ്രസാദിപ്പിക്കാനാണതെന്നും പറഞ്ഞു തന്നാലും."

നന്ദഗോപൻ പറഞ്ഞു: നാമിപ്പോൾ ഇന്ദ്രപ്രീതിക്കുവേണ്ടി ഒരു യാഗകർമ്മം നടത്താൻ പോവുന്നു. മകനേ ഇന്ദ്രൻ മഴയുടെ അധീശനാണ്. സമയത്ത് വേണ്ടത്ര അളവിൽ കിട്ടുന്ന മഴ കാരണമാണ് നമുക്കും ഗോക്കൾക്കുമുള്ള ഭക്ഷണധാന്യങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നത്. അതുകൊണ്ട് ആ ദേവൻെറ അനുഗ്രഹഫലത്തിൻെറ ഒരംശം അദ്ദേഹത്തിനർപ്പിച്ച് പ്രീതി നേടുന്നു. അങ്ങിനെ ഫലപ്രദവും സന്തോഷപ്രദവുമായ ജീവിതം നമുക്കുറപ്പാവുന്നു.

കൃഷ്ണൻ പറഞ്ഞു: "കർമ്മഫലം അനുസരിച്ചാണ് ഒരവുൻ ജനിക്കുന്നതും മരിക്കുന്നതും. പൂർവ്വ കർമ്മങ്ങളുടെ ഫലമായി അവന് സുഖദു:ഖങ്ങളും ജയപരാജയങ്ങളും ഉണ്ടാവുന്നു. ഇതിലെല്ലാം ഇന്ദ്രന് എന്തു പങ്കാണുള്ളത്? മനുഷ്യർ അവനവൻെറ സ്വഭാവഗുണങ്ങൾക്ക് വശംവദനത്രെ. ആ പ്രകൃതി ഗുണങ്ങൾക്കനുസരിച്ച് അവൻ കർമ്മങ്ങൾ ചെയ്യുന്നു. മനുഷ്യനും ദേവനും അസുരനും എല്ലാം പ്രകൃതി ഗുണങ്ങൾക്കനുസരിച്ചത്രേ ജീവിതം നയിക്കുന്നത്. കർമ്മഫലമനുസരിച്ച് ആത്മാവു ശരീരമെടുക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നു. കർമ്മഫലം സുഹൃത്തുക്കളേയും ശത്രുക്കളേയും നമുക്കേകുന്നു. അതു തന്നെയാണ് ഒരുവൻെറ ഗുരുവും ദൈവവുമെല്ലാം. അതുകൊണ്ട് സ്വപ്രകൃതിയിൽ നിന്നുകൊണ്ട് കർമ്മം ചെയ്യണം. അവനവൻെറ ധർമ്മമനുസരിച്ച് വർത്തിക്കണം. ഏതൊരു കർമ്മമാണോ ഒരുവന് ശരിയായ ആനന്ദത്തെ പ്രദാനം ചെയ്യുന്നത് അതുമാത്രമേ ദിവ്യകർമ്മമായുള്ളൂ. പശുക്കളും ബ്രാഹ്മണരും ഈ പർവ്വതവുമാണ് നമുക്ക് സന്തോഷത്തെ പ്രദാനം ചെയ്യുന്നത്. അതുകൊണ്ട് നമുക്കവരെ പൂജിക്കാം. ഇന്ദ്രപൂജയ്ക്കായി ഒരുക്കിയ ഈ വസ്തുക്കൾകൊണ്ട് നമുക്ക്പശുക്കളേയും ബ്രാഹ്മണരേയും ഗോവർദ്ധന പർവ്വതത്തേയും പൂജിക്കാം. ഈ ആഹാരസാധനങ്ങളെല്ലാം ജാതിമതഭേദമെന്യേ എല്ലാവർക്കുമായി പങ്കിടാം. എല്ലാ മൃഗങ്ങൾക്കും നമുക്കതു വീതിച്ചു നൽകാം. നമ്മുടെ പശുക്കളെ നമുക്ക് വേണ്ട രീതിയിൽ സൽക്കരിക്കാം. എല്ലാ ഭക്ഷണവും നമുക്കീ മലനിരകൾക്കർപ്പിക്കാം.

കൃഷ്ണൻ പറഞ്ഞതു പോലെ കാര്യങ്ങൾ നടന്നു. ഗോവർദ്ധനത്തിൻെറ ആത്മസത്തയായിരുന്നു കൊണ്ട് കൃഷ്ണൻ തന്നെ എല്ലാ അർഘ്യങ്ങളും സ്വീകരിച്ചു. നന്ദപുത്രനായി കൃഷ്ണൻ സ്വയം ഇതിനു നേതൃത്വം നൽകി. എന്നിട്ടിങ്ങിനെ പ്രഖ്യാപിച്ചു. "ഈ പർവ്വതനിരയിൽ വസിക്കുന്ന ദൈവം നമ്മുടെ വഴിപാടുകൾ എങ്ങിനെയാണ് ആസ്വദിക്കുന്നതെന്നുനോക്കൂ" വഴിപാടുകളെല്ലാം ഭംഗിയായി കഴിച്ച് ഗോപൻമാർ ഗ്രാമത്തിലേക്ക് മടങ്ങി.